**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 52** **07-10-2024 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. സെക്രട്ടറിയുടെ ഉത്തരവ് നടപ്പാക്കാൻ അടിയന്തിര നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ.എസ്. ആൻഡ് എസ്.എസ്.ആർ. റൂൾ 8 പ്രകാരം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാതൃ വകുപ്പായ പി.എസ്.സി. യിലേക്ക് തിരികെ വന്ന ശ്രീ.ജോൺസൻ ജി. യുടെ സീനിയോരിറ്റി മുഴുവൻ പുനസ്ഥാപിച്ചു നൽകാൻ സർക്കാർ നൽകിയ രണ്ടു ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പി.എസ്.സി. സെക്രട്ടറി ഉത്തരവിട്ട് ഇരുപത്തിയൊന്ന് മാസം കഴിഞ്ഞിട്ടും എന്തുകൊണ്ട് പ്രൊസീഡിംഗ്സ് ഇറക്കി ആയതു നടപ്പാക്കുന്നില്ല എന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; പതിനേഴ് മാസം ഈ ഉത്തരവ് പാലിക്കാതിരുന്ന എസ്റ്റാബ്ലിഷ്മെന്റ് അഡീഷണൽ സെക്രട്ടറിയുടെ നടപടി എന്ത് കാരണത്താലായിരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | കേരള പബ്ലിക് സർവീസ് കമ്മീഷനിൽ സേവനത്തിലിരിക്കെ പഞ്ചായത്ത് വകുപ്പിൽ എൽ ഡി ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച് 25.06.2004 -ൽ വിടുതൽ ചെയ്ത ശ്രീ. ജോൺസൺ ജി യെ 03.04.2013 -ൽ കേരള പബ്ലിക് സർവീസ് കമ്മീഷനിൽ പുന:പ്രവേശിപ്പിക്കുകയും 18.10.2016 വരെയുള്ള സീനിയോറിറ്റി പുനർനിർണ്ണയിച്ച് നോഷണൽ പ്രൊമോഷൻ നൽകിയിട്ടുണ്ട്. പുന:പ്രവേശിച്ചതിനു ശേഷം താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം മുഖേന അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിനായി ഒഴിവ് നിലവിൽ വന്ന ക്രമത്തിൽ 19.10.2016 മുതൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകുകയും അതിനു തുടർച്ചയായി ഉദ്യോഗക്കയറ്റം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഒരു ജീവനക്കാരന് കഴിഞ്ഞ ഇരുപതു കൊല്ലമായി നീതി നൽകാതെ പി.എസ്.സി. പോലൊരു ഭരണഘടനാ സ്ഥാപനത്തിൽ തുടരേണ്ടി വരുന്ന സാഹചര്യം പി.എസ്.സി. മെമ്പർമാരുടെ ഒരു ഉപസമിതി പരിശോധിച്ച് ഇത്തരം നീതി നിഷേധങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ശ്രീ. ജോൺസൺ - ന് ലീൻ നിലവിലുണ്ടായിരുന്ന അറ്റൻഡർ തസ്തികയിലുള്ള എല്ലാ സീനീയോറിറ്റിയും നൽകിയിട്ടുള്ള സാഹചര്യത്തിൽ അന്വേഷണത്തിനോ, നടപടി സ്വീകരിക്കാനോ, സബ് കമ്മിറ്റിയെ ചുമതലപ്പെടുത്താനോ ആവശ്യമായ സാഹചര്യം നിലവിലില്ല. |

| | | | |
|---|---|---|---|
| (സി) | ശ്രീ.ജോൺസന് മുൻപും പിൻപും പി.എസ്.സി. യിൽ കെ.എസ്.ആൻഡ് എസ്.എസ്.ആർ. റൂൾ 8 പ്രകാരം തിരികെ വന്ന മുഴുവൻ ജീവനക്കാർക്കും സർവീസ് സീനിയോരിറ്റി മുഴുവൻ നൽകിയിട്ടും ഇദ്ദേഹത്തിനു മാത്രം അത് നിഷേധിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; ഏതു ചട്ടപ്രകാരമാണ് ഇത്തരത്തിൽ ഒരു ജീവനക്കാരന്റെ അവകാശങ്ങൾ നിഷേധിക്കുവാൻ ഇതിനു പിന്നിൽ പ്രവർത്തിച്ച ഏതാനും ജീവനക്കാർക്ക് സാധിച്ചത് എന്ന് വ്യക്തമാക്കുമോ; | (സി) | ജോൺസൺ സർവ്വീസിൽ നിന്നും വിടുതൽ ചെയ്യതും പുന:പ്രവേശിച്ചതും അറ്റൻഡർ ഗ്രേഡ് I തസ്തികയിലാണ്. തിരികെ ജോലിയിൽ പ്രവേശിച്ച മറ്റുള്ളവർക്ക് നൽകിയത് പോലെ ശ്രീ. ജോൺസൺ ജി - യ്ക്ക് ലീൻ നിലവിലുണ്ടായിരുന്ന അറ്റൻഡർ തസ്തികയിലുള്ള എല്ലാ സീനിയോറിറ്റിയും അനുവദിച്ചിട്ടുണ്ട്. |
| (ഡി) | കോടതി ഉത്തരവുകളും സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പി.എസ്.സി. സെക്രട്ടറിയുടെ ഉത്തരവും ഉണ്ടായിട്ടും മനപൂർവം നീതി നിഷേധിച്ച ഈ സംഭവത്തിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിനും കുറ്റവാളികളായ മുൻ ജീവനക്കാരുൾപ്പെടെ ഉള്ളവരിൽ നിന്നും നഷ്ടപരിഹാരം ശ്രീ. ജോൺസന് നൽകുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ശ്രീ. ജോൺസൺ സർവ്വീസിൽ നിന്നും വിടുതൽ ചെയ്യതും പുനപ്രവേശിച്ചതും അറ്റൻഡർ ഗ്രേഡ് I തസ്തികയിലാണ്. അറ്റൻഡർ തസ്തികയുടെയും അസിസ്റ്റന്റ് തസ്തികയുടെയും യോഗ്യതകൾ വ്യത്യസ്തമാണ്. ജോലിയുടെ സ്വഭാവും വ്യത്യസ്തമാണ്. ലോപെയ്ഡ് തസ്തികയിൽ നിന്നും (റേഷ്യോ അനുസരിച്ചുള്ള) തസ്തികമാറ്റം വഴി അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിനു അപേക്ഷ സമർപ്പിക്കാത്തതും ആ സമയത്ത് പ്രസിദ്ധീകരിച്ച അർഹതാലിസ്റ്റിൽ ഉൾപ്പെടാത്തതുമായ ജോൺസൺ ജി - യ്ക്ക് മുൻകാല പ്രാബല്യത്തോടെ അസിസ്റ്റന്റായി നിയമനം നൽകി സീനിയോറിറ്റി നൽകുന്നത് സങ്കീർണ്ണമായ വിഷയമായതിനാൽ ടിയാന് 2006 മുതൽ അസിസ്റ്റന്റ് തസ്തികയിലെ സീനിയോറിറ്റി അനുവദിക്കുന്നത് സംബന്ധിച്ച് പി.എസ്.സി - യുടെ ലീഗൽ റീട്ടെയിനറി (എറണാകുളം) - ൽ നിന്ന് നിയമോപദേശം തേടിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സാധ്യമാവുകയുള്ളൂ. |
| (ഇ) | കോടതി ഉത്തരവുകളും സർക്കാർ ഉത്തരവുകളും ചട്ടങ്ങളും അനുസരിച്ച് പി.എസ്.സി സെക്രട്ടറി ശ്രീ.ജോൺസന് എല്ലാ സീനിയോരിറ്റിയും നൽകികൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കുന്നതിന് പകരം പി.എസ്.സി. യുടെ വക്കീലിന്റെ ഉപദേശം ഇക്കാര്യത്തിൽ തേടേണ്ടി വന്ന സാഹചര്യം എന്ത് കൊണ്ട് സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ഇ) | ശ്രീ. ജോൺസൺ സർവ്വീസിൽ നിന്നും വിടുതൽ ചെയ്യതും പുനപ്രവേശിച്ചതും അറ്റൻഡർ ഗ്രേഡ് I തസ്തികയിലാണ്. അറ്റൻഡർ തസ്തികയുടെയും അസിസ്റ്റന്റ് തസ്തികയുടെയും യോഗ്യതകൾ വ്യത്യസ്തമാണ്. ജോലിയുടെ സ്വഭാവും വ്യത്യസ്തമാണ്. ലോപെയ്ഡ് തസ്തികയിൽ നിന്നും (റേഷ്യോ അനുസരിച്ചുള്ള) തസ്തികമാറ്റം വഴി അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിനു അപേക്ഷ സമർപ്പിക്കാത്തതും ആ സമയത്ത് പ്രസിദ്ധീകരിച്ച അർഹതാലിസ്റ്റിൽ ഉൾപ്പെടാത്തതുമായ ജോൺസൺ ജി - യ്ക്ക് മുൻകാല പ്രാബല്യത്തോടെ അസിസ്റ്റന്റായി നിയമനം നൽകി സീനിയോറിറ്റി നൽകുന്നത് സങ്കീർണ്ണമായ വിഷയമായതിനാൽ ടിയാന് 2006 മുതൽ അസിസ്റ്റന്റ് തസ്തികയിലെ സീനിയോറിറ്റി അനുവദിക്കുന്നത് സംബന്ധിച്ച് പി.എസ്.സി - യുടെ ലീഗൽ റീട്ടെയിനറി (എറണാകുളം) - ൽ നിന്ന് നിയമോപദേശം |

| | | | |
|---|---|---|---|
| | | | തേടിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സാധ്യമാവുകയുള്ളൂ. |
| (എഫ്) | ശ്രീ.ജോൺസന്റെ സീനിയോരിറ്റി പുനസ്ഥാപിക്കുന്നത് സംബന്ധിച്ച ചോദ്യങ്ങൾക്ക് വസ്തുതാ വിരുദ്ധമായ ഉത്തരങ്ങൾ നൽകിയ ഉദ്യോഗസ്ഥർക്ക് എതിരെ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എഫ്) | വസ്തുതാവിരുദ്ധമായ വിവരങ്ങൾ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ജി) | ഇക്കാര്യത്തിൽ ഇനിയും കാലതാമസം കൂടാതെ നീതി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ജി) | ശ്രീ. ജോൺസൺ സർവ്വീസിൽ നിന്നും വിടുതൽ ചെയ്തതും പുനപ്രവേശിച്ചതും അറ്റൻഡർ ഗ്രേഡ് I തസ്തികയിലാണ്. അറ്റൻഡർ തസ്തികയുടെയും അസിസ്റ്റന്റ് തസ്തികയുടെയും യോഗ്യതകൾ വ്യത്യസ്തമാണ്. ജോലിയുടെ സ്വഭാവും വ്യത്യസ്തമാണ്. ലോപെയ്ഡ് തസ്തികയിൽ നിന്നും (റേഷ്യോ അനുസരിച്ചുള്ള) തസ്തികമാറ്റം വഴി അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിനു അപേക്ഷ സമർപ്പിക്കാത്തതും ആ സമയത്ത് പ്രസിദ്ധീകരിച്ച അർഹതാലിസ്റ്റിൽ ഉൾപ്പെടാത്തതുമായ ജോൺസൺ ജി - യ്ക്ക് മുൻകാല പ്രാബല്യത്തോടെ അസിസ്റ്റന്റായി നിയമനം നൽകി സീനിയോറിറ്റി നൽകുന്നത് സങ്കീർണ്ണമായ വിഷയമായതിനാൽ ടിയാന് 2006 മുതൽ അസിസ്റ്റന്റ് തസ്തികയിലെ സീനിയോറിറ്റി അനുവദിക്കുന്നത് സംബന്ധിച്ച് പി.എസ്.സി - യുടെ ലീഗൽ റീട്ടെയിനറി (എറണാകുളം) - ൽ നിന്ന് നിയമോപദേശം തേടിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സാധ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ